**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2979** **07-10-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം-വന്യജീവി വകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2021-2022 മുതൽ 2024-2025 വരെ അരുവിക്കര മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

| ക്രമ നം. | ഡിവിഷൻ | നിർമ്മിതി/പ്രവൃത്തി | ബഡ്ജറ്റ് ഹെഡ് | അനുവദിച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) | വിസ്തൃതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | വൈൽഡ്ലൈഫ് ഡിവിഷൻ, തിരുവനന്തപുരം | പേപ്പാറ വന്യജീവിസങ്കേതത്തിലെ ഡോർമെറ്ററി കെട്ടിടം റൂഫ് വർക്ക് ചെയ്ത് പ്രവർത്തിക്കുന്നു. | 4406-01-101-99-FP(SoFB) -01-FP | 10.00 | 7.33 | 1 എണ്ണം | പൂർത്തീകരിച്ചു |
| 2 | | കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ തോട്ടിൻപുറം ഏരിയായിൽ 1.22 കി.മീ. എലിഫന്റ് റൂഫ് ട്രഞ്ച് നിർമ്മിച്ചിട്ടുണ്ട്. | 2406-01-800-56-MRMAC | 12.00 | 10.47 | 1.22 കി.മീ. | പൂർത്തീകരിച്ചു |
| 3 | | കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ മാങ്കോട് ഇ.ഡി.സി.യുടെ കീഴിൽ 150 തേനീച്ച കൂടുകൾ അനുവദിച്ചു. | 2406-02-110-33-ABR | 2.00 | 2.25 | 150 തേനീച്ച കൂടുകൾ | പൂർത്തീകരിച്ചു |
| 4 | | നെയ്യാർ വന്യജീവിസങ്കേതത്തിലെ അണകാൽ സെറ്റിൽമെന്റിൽ കുടിവെള്ള പദ്ധതി ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 16 ആദിവാസി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാൻ സാധിച്ചു. | 2406-02-110-56-EDP | 10.00 | 7.41 | 1 എണ്ണം | പൂർത്തീകരിച്ചു |
| 5 | | പേപ്പാറ വന്യജീവിസങ്കേതത്തിലെ പാണ്ടിപ്പത്ത് - 50 മീറ്റർ, നെയ്യാർ വന്യജീവിസങ്കേതത്തിലെ തീർത്ഥക്കര - 400 മീറ്റർ എന്നിവിടങ്ങളിലെ ആനക്കിടങ്ങ് നവീകരിച്ചിട്ടുണ്ട്. | 2406-01-800-56-MRMAC | 10.00 | 1.89 | 0.45 കി.മീ. | പൂർത്തീകരിച്ചു |
| 6 | | പേപ്പാറ വന്യജീവിസങ്കേതത്തിലെ പാണ്ടിപ്പത്ത് ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നവീകരിച്ചിട്ടുണ്ട്. | 4406-01-101-99-FP(SoFB) -01-FP | 5.50 | 8.26 | 1 എണ്ണം | പൂർത്തീകരിച്ചു |
| 7 | | നെയ്യാർ വന്യജീവിസങ്കേതത്തിലെ തീർത്ഥക്കര ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നവീകരിച്ചിട്ടുണ്ട്. | 4406-01-101-99-FP(SoFB) -01-FP | 6.00 | 6.07 | 1 എണ്ണം | പൂർത്തീകരിച്ചു |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | | പേപ്പാറ വന്യജീവിസങ്കേതത്തിലെ ജീവനക്കാർക്കും, ദിവസക്കൂലി വാച്ചർമാർക്കും മഴകോട്ട്, സ്ലീപ്പിംഗ് ബാഗ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. | 2406-02-110-24-PS | 1.00 | 0.54 | 14 എണ്ണം | പൂർത്തീകരിച്ചു |
| 9 | | പേപ്പാറ അസ്സി.വൈൽഡ്‌ലൈഫ് വാർഡന്റെ കാർട്ടേഴ്സ് നവീകരിച്ചിട്ടുണ്ട്. | 2406-01-101-91-Softwood (KFDF) | 4.50 | 4.19 | 1 എണ്ണം | പൂർത്തീകരിച്ചു |
| 10 | | നെയ്യാർ, പേപ്പാറ വന്യജീവിസങ്കേതങ്ങളിൽ 4 ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. | 2406-02-110-74-PTR | 0.52 | 0.52 | 4 എണ്ണം | അരുവിക്കര/പാറശ്ശാല മണ്ഡലങ്ങളിൽ പൊതുവായി നടപ്പിലാക്കിയ പദ്ധതി |
| 11 | | പേപ്പാറ വന്യജീവിസങ്കേതത്തിൽ ഇക്കോടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സന്ദർശകരെ ആകർഷിക്കുന്നതിന് ക്രീപ്പർ ഫെൻസിംഗ് സിമന്റ് ആർച്ച് നിർമ്മിച്ചിട്ടുള്ളതാണ്. | നെയ്യാർ - പേപ്പാറ എഫ്.ഡി.എ | 5.00 | 4.19 | 1 എണ്ണം | പൂർത്തീകരിച്ചു |
| 12 | വൈൽഡ്‌ലൈഫ് ഡിവിഷൻ, തിരുവനന്തപുരം | പേപ്പാറ വന്യജീവിസങ്കേതത്തിൽ ഇക്കോടൂറിസം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാഴ്‌വാന്തോൾ പ്രവേശന കവാടത്തിലേക്ക് Artistic Arch സ്ഥാപിച്ചതിന് | നെയ്യാർ - പേപ്പാറ എഫ്.ഡി.എ | 5.00 | 5.00 | 1 എണ്ണം | പൂർത്തീകരിച്ചു |
| 13 | | കോട്ടൂർ ആനപുനരധിവാസകേന്ദ്രം പ്രവർത്തന സജ്ജമാക്കി. | KIIFB Fund | 8238 | 8238 | - | 23.05.2017 ലെ 196/2017/ വനം വന്യജീവി നമ്പർ ഉത്തരവ് പ്രകാരം 105 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഉദ്ഘാടനം 11.10.2024 -ൽ നിർവ്വഹിച്ചിട്ടുള്ളതാണ്. |
| 14 | | കോട്ടൂർ എ.ബി.പി.റെയിഞ്ചിലെ സ്പെഷ്യൽ ഡ്യൂട്ടി സെക്ഷന് കീഴിലെ വലിയക്കുന്നടി തേക്ക് നിന്നകുഴി പ്രദേശത്ത് ആനകിടങ്ങ് നിർമ്മാണം. | 2406-01-800-56-MRMAC | 12.04 | | 1 കി.മീ. | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| 15 | | പേപ്പാറ വന്യജീവിസങ്കേതത്തിലെ അതിരുമല സെക്ഷനിൽ പേപ്പാറ മുതൽ കർളക്കോട് വരെയുള്ള റോഡിന്റെ നിർമ്മാണം. | 4406-01-070-99-Roads | 9.80 | | 270 മീ. | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | തിരുവനന്തപുരം ഡിവിഷൻ | ആറാനക്കുഴി സെറ്റിൽമെന്റ് ഏരിയയിൽ 1 കി. മീ. സോളാർ ഹാങ്ങിംഗ് ഫെൻസ് | 2406-01-800-56-MRMAC | 8.95 | 6.51 | 1 കി.മീ. | പൂർത്തീകരിച്ചു |
| 16 | തിരുവനന്തപുരം ഡിവിഷൻ | തിരുവനന്തപുരം കൊല്ലം ജില്ലകളിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ | 4406-01-800-90-NABARD-RIDF | G.O(Ms)No.17/2022/F&WLD dated 13.04.2022 ഉത്തരവ് പ്രകാരം തിരുവനന്തപുരം കൊല്ലം ജില്ലകളിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികളിലേക്ക് 816 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റെയിഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . ആയതിലേക്ക് 235.94 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിച്ചിട്ടുള്ളതും നാളിതുവരെ 161.23 ലക്ഷം രൂപ അരുവിക്കര മണ്ഡലത്തിൽ ചെലവഴിച്ചിട്ടുള്ളതാണ് | | | |
| 17 | തിരുവനന്തപുരം ഡിവിഷൻ | മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവൃത്തികൾ | 4406-01-800-90-NABARD-RIDF | G.O(Ms)No.23/2023/F&WLD dated 05.10.2023 ഉത്തരവ് പ്രകാരം തിരുവനന്തപുരം വനം ഡിവിഷനിൽ വിവിധ സെറ്റിൽമെന്റ് അതിർത്തികളിൽ മനുഷ്യവന്യജീവി സംഘർഷം- ലഘൂകരിക്കുന്നതിലേക്ക് 277 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റെയിഞ്ച് അരുവിക്കര മണ്ഡലം പരിധിയിൽ കുട്ടപ്പാറ സെറ്റിൽമെന്റ് അതിർത്തിയിൽ 1 കി. മീ. ആനക്കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. ആയതിലേക്ക് 17.96 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിച്ചിട്ടുള്ളതും നാളിതുവരെ 14.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. | | | |

കൂടാതെ സാമൂഹ്യ വന വത്കരണ വിഭാഗം ഹരിതകേരള പദ്ധതിയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് ഈ കാലയളവിൽ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന്റെ ഭാഗമായി ടി മണ്ഡലത്തിലെ 13 സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ തെരഞ്ഞെടുത്ത കാവുകളായ വഴുതനമുകൾ, പഴവീട്ടുവിള ശ്രീ ചാമുണ്ഡി ദേവി ക്ഷേത്രം, പൂവച്ചൽ കാട്ടാക്കട, ഗുരുതീർത്ഥം, പാലോട്, പച്ച, ഉടൻപാറ, ശ്രീ ഭദ്രകാളി തമ്പുരാൻ ട്രസ്റ്റ് കോട്ടൂർ എന്നിവയ്ക്ക് അവയുടെ സംരക്ഷണാർത്ഥം 80,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.